മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 23

# വാർത്താക്കുറിപ്പ് 1

---

## ദേശീയ ഗണിത ശാസ്ത്ര ദിനാചരണം നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെയും സ്കൂൾ ഓഫ് ഡേറ്റാ അനലിറ്റിക്സിന്റെയും സംയുക്താഭിമുഖ്യത്തിൽ ദേശീയ ഗണിത ശാസ്ത്ര ദിനാചരണം സംഘടിപ്പിച്ചു.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാത്തമാറ്റിക്സ് റിസർച്ച് ആന്റ് ട്രെയിനിംഗുമായി ചേർന്ന് ലീനിയർ ആൾജിബ്രാ ആന്റ് ആപ്ലിക്കേഷൻസ് എന്ന വിഷയത്തിൽ നടത്തിയ ശില്പശാല പ്രോ വൈസ് ചാൻസിലർ പ്രഫ. ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

സ്കൂൾ ഡയറക്ടര് പ്രഫ. ഡോ. കെ.കെ. ജോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. ആർ. ശ്രീകുമാർ, ഐ.എം.ആർ.ടി. ഡയറക്ടർ ഡോ. എ.ആർ. രാജൻ, ഡോ. ആൻസി ജോസഫ് എന്നിവർ പ്രസംഗിച്ചു.

കൊച്ചിൻ സർവകലാശാലയിലെ പ്രഫ. പി.ജി. റോമിയോ, കേരളാ സർവകലാശാലയിലെ പ്രഫ. എ.ആർ. രാജൻ, പ്രഫ. എം.എൻ.എൻ. നമ്പൂതിരി എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

വിദ്യാർഥികളുടെ നേതൃത്വത്തിൽ ഇന്ത്യന ഗണിത ശാസ്ത്രജ്ഞരുടെ സംഭാവനകൾ എന്ന വിഷയത്തിൽ പ്രോജക്ട് അവതരണ മത്സരവും സംഘടിപ്പിച്ചു.

സമാപന സമ്മേളനത്തിൽ സ്റ്റുഡന്റ് സർവീസ് ഡയറക്ടർ പ്രഫ. എബ്രാഹം കെ. സാമുവൽ മുഖ്യാഥിതിയായിരുന്നു.
(പി.ആർ.ഒ./39/1772/2022)

**ഫോട്ടോ ക്യാപ്ഷൻ**
മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച ദേശീയ ഗണിത ശാസ്ത്ര ദിനാചരണം പ്രോ വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

## പരീക്ഷാ ഫലം

ഈ വർഷം മാർച്ചില് നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് (2012 മുതൽ 2018 വരെ അഡ്മിഷൻ സപ്ലിമെന്ററി, മെഴ്സി ചാൻസ് - നവംബർ 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് ഓൺലൈനിൽ അടച്ച രസീത് സഹിതം ജനുവരി മൂന്ന് വരെ ഡെപ്യൂട്ടി രജിസ്ട്രാർക്ക്(7 പരീക്ഷ) നേരിട്ട് അപേക്ഷ നൽകാം.

......................................................

മൂന്നാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ്-മെറ്റീരിയൽ സയൻസ്, എം.എസ്.സി. പ്ലാന്റ് ബയോടെക്നോളജി(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി – ഏപ്രിൽ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി ആറു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1773/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ജനുവരി 23 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ.എച്ച്.ആർ.എം, എം.എച്ച്.ആർ.എം (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷന് ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, 2019,2018 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി ഒൻപതു വരെ അപേക്ഷ നൽകാം.

പിഴയോടെ ജനുവരി 10നും സൂപ്പർ ഫൈനോടെ ജനുവരി 11നും അപേക്ഷ സ്വീകരിക്കും. റഗുലർ വിദ്യാർഥികളും വീണ്ടും എഴുതുന്നവരും ഒരു പേപ്പറിന് 50 രൂപ നിരക്കിൽ (പരമാവധി 300 രൂപ) സി.വി. ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1774/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**